

# വീട്ടിലിരുന്ന് നടത്താം വിഷ്വൽ ടൂർ,

## ഫൊട്ടോഗ്രാഫിയിൽ വിസ്മയമായി p4 panorama



ലീൻ തോബിയാസ്

**360 ഡിഗ്രിയിൽ ചിത്രങ്ങളെ കാണാവുന്ന വിധം ചിത്രങ്ങൾ ഒരുക്കുന്ന പ്രശസ്ത ഫൊട്ടോഗ്രാഫർ ലീൻ തോബിയാസ് ഒരുക്കുന്നത് ദൃശ്യ വിസ്മയങ്ങളിലൂടെ യഥാർത്ഥമായ അനുഭവം**

**ധനം ന്യൂസ് ബ്യൂറോ**

*പ്രശസ്തമായ ആരാധനാലയങ്ങളോ വിനോദ സഞ്ചാര കേന്ദ്രങ്ങളോ വീട്ടിലിരുന്ന് കാണാൻ p4panoram.com സന്ദർശിക്കൂ. മൂകാംബിക ക്ഷേത്രവും അർത്തുങ്കൽ പള്ളിയും പരിസരവും നേരിൽ കാണുന്നതിനേക്കാൾ തിളക്കത്തോടെ നിങ്ങൾക്ക് കാണാം. അതും ക്ഷേത്രത്തിന്റെ ഓരോ വിശദാംശങ്ങളും. ക്ഷേത്രത്തിന്റെ അകത്തളത്തിൽ കിടന്നുകൊണ്ടുള്ള മുകൾ കാഴ്ച കാണണോ? ആകാശ വീക്ഷണം അറിയണോ? എല്ലാം ഇവിടെ സാധ്യം.*

360 ഡിഗ്രി സങ്കേതമുപയോഗിച്ച് ഫൊട്ടോഗ്രാഫിയിൽ വിസ്മയം തീർക്കുന്നത് പ്രശസ്ത ഫൊട്ടോഗ്രാഫറായ ലീൻ തോബിയാസ് ആണ്.


"ഒരാൾക്ക് ഒരു സ്ഥലത്ത് നിന്ന് നോക്കിയാൽ എന്തൊക്കെ എങ്ങനെയൊക്കെ കാണാമോ അതെല്ലാം ഒരു ഫോട്ടോയിൽ കാണിക്കുന്ന സങ്കേതമാണ് ഇത്. വീഡിയോ ചിത്രത്തിലും ഇത് ഒരു പരിധിവരെ സാധ്യമാണ് എങ്കിലും വീഡിയോഗ്രാഫർ കാണുന്ന കാഴ്ചകൾ മാത്രമേ നമുക്ക് കാണാൻ കഴിയൂ. ആയാൾ പോകുന്ന വഴി പിന്തുടരാൻ മാത്രമേ നമുക്ക് സാധിക്കൂ. 360 ഡിഗ്രി ഫൊട്ടോഗ്രാഫിയുടെ ആംഗിൾ നിശ്ചയിക്കുന്നത് ഫൊട്ടോഗ്രാഫറേ അല്ല കാഴ്ചക്കാരനാണ്. ഒരു പുഴുവിനെപ്പോലെ തറയിൽ കിടന്ന് മേലോട്ട് നോക്കിയാൽ എന്താണോ കാണുന്നത് അത് വരെകാണാം" ലീൻ തോബിയാസ് പറയുന്നു. രണ്ടുവർഷമായി ഈ രംഗത്ത് ലീൻ സജീവമാണ്. കേരളത്തിൽ ഇത്തരത്തിൽ 360 ഡിഗ്രി ഫോട്ടോഗ്രാഫി ചെയ്യുന്ന ഏക പ്രൊഫഷണലാണ് മലയാള മനോരമയിൽ പ്രസ് ഫോട്ടോഗ്രാഫറായിരുന്ന ലീൻ. ലോട്ടസ് ടെംപിൾ, വേളാങ്കണ്ണി പള്ളി, പരുമല പള്ളി, അമൃതാനന്ദമയി മഠം, മൂകാംബിക ക്ഷേത്രം, അർത്തുങ്കൽ പള്ളി, മണർകാട് പള്ളി തുടങ്ങിയവയുടെ 360 ഡിഗ്രി ചിത്രങ്ങൾ ലീൻ ഇതിനോടകം ചെയ്തിട്ടുണ്ട്. ഇത്തരം ചിത്രങ്ങൾ ഇവയുടെ വെബ്സൈറ്റുകളിലെ വലിയ ആകർഷണമാണ്.

### ആർക്കൊക്കെ പ്രയോജനപ്പെടും?

ടൂറിസം രംഗത്തുള്ളവർക്കും ബിൽഡർമാർക്കും അവരുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും കൂടുതൽ പേരിലെത്തിക്കാൻ ഈ ചിത്രങ്ങളെ ഉപയോഗിക്കാം. ബിൽഡർമാർ പലപ്പോഴും സാമ്പിൾ അപ്പാർട്ട്മെന്റുകൾ ഉണ്ടാക്കാറുണ്ട്. അപ്പാർട്ട്മെന്റുകൾ വാങ്ങാൻ ആഗ്രഹിക്കുന്നവരിൽ പലർക്കും അത് നേരിട്ട് വന്ന് കാണാൻ കഴിയാറില്ല. സാമ്പിൾ അപ്പാർട്ട്മെന്റിന്റെ 360 ഡിഗ്രി ചിത്രം വെബ്സൈറ്റിൽ നൽകിയാൽ എല്ലാവർക്കും അത് വന്ന് കാണാൻ പറ്റും. നേരിൽ കാണുന്നതിനേക്കാൾ മിഴിവോടെ.

### എന്തു ചെലവ് വരും?

ഒരു മുറിയുടെ ചിത്രം ഈ രീതിയിൽ ചെയ്യണം എങ്കിൽ അഞ്ച് ഡിഗ്രിയിൽ 72 ഫോട്ടോകൾ എടുക്കണം. ഒരു 360 ഡിഗ്രി ഫോട്ടോയ്ക്ക് ഒരു പനോരമ എന്നാണ് പറയുന്നത്. മൂകാംബിക 8 പനോരമയിലാണ് ചെയ്തിരിക്കുന്നത്. ഒരു റിസോർട്ടിനാണ് എങ്കിൽ 6 പനോരമ മതിയാകും. ഏകദേശം 60000രൂപ- ഒരു ലക്ഷം രൂപ ചെലവിൽ ഒരു റിസോർട്ടിന്റെ പനോരമ ഉണ്ടാക്കാം. ■



ഇന്ത്യാഗേറ്റ്



ലോട്ടസ് ടെമ്പിൾ

# അംഗീകാരത്തിന്റെ തിളക്കത്തിൽ ദി ബീച്ച് ഓർക്കിഡ്

മികച്ച സേവനവും നവീന ടൂറിസം പാക്കേജുകളുമായി ശ്രദ്ധേയമായ കൊല്ലത്തെ ദി ബീച്ച് ഓർക്കിഡ് ഹോട്ടൽ ആൻഡ് കൺവെൻഷൻ സെന്ററിന് അംഗീകാരം. ബാംഗ്ലൂർ ട്രാവൽ ആൻഡ് ടൂറിസം ഫെയറിലെ 'മോസ്റ്റ് പ്രോമിസിംഗ് ന്യൂ ഡെസ്റ്റിനേഷൻ' വിഭാഗത്തിലെ അംഗീകാരമാണ് ബീച്ച് ഓർക്കിഡിന് ലഭിച്ചത്.

കൊല്ലം ബീച്ചിന് സമീപം പരിസ്ഥിതി സൗഹൃദ ഹോട്ടൽ എന്ന ആശയത്തിലൂന്നി പ്രവർത്തിക്കുന്ന ബീച്ച് ഓർക്കിഡ് പഞ്ചനക്ഷത്ര ഇക്കോടെൽ ഹോട്ടലാണ്. കൺസെപ്റ്റ് ഹോസ്പിറ്റാലിറ്റി പ്രൈവറ്റ് ലിമിറ്റഡിന്റെ സാരഥ്യത്തിൽ പ്രവർത്തിക്കുന്ന ബീച്ച് ഓർക്കിഡ് ആതിഥികൾക്കായി വ്യത്യസ്ത പാക്കേജുകളാണ് ഒരുക്കിയിരിക്കുന്നത്. മാതാ അമൃതാനന്ദമയി മഠത്തിനോട് ചേർന്നുള്ള ബീച്ച് ഓർക്കിഡ് ആശ്രമത്തിലെത്തുന്ന ഭക്തർക്കായി പ്രത്യേക പാക്കേജ് നൽകുന്നുണ്ട്. കൊല്ലത്തെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, വ്യവസായശാലകൾ, പരമ്പരാഗത വ്യവസായ കേന്ദ്രങ്ങൾ എന്നിവ കോർത്തിണക്കിക്കൊണ്ട് വിദ്യാർത്ഥികൾക്കായി സ്പെഷൽ വിനോദസഞ്ചാര പാക്കേജും ഇവർ തയ്യാറാക്കിയിട്ടുണ്ട്.

പ്രാദേശികതലത്തിൽ നിന്നും വിദേശങ്ങളിൽ നിന്നും വരുന്ന സഞ്ചാരികൾക്കുവേണ്ടി പ്രത്യേക കസ്റ്റമൈസ്ഡ് പാക്കേജുകളും ഒരുക്കി നൽകുമെന്ന് ബീച്ച് ഓർക്കിഡ് അധികൃതർ അറിയിച്ചു.

വിവരങ്ങൾക്ക്: 0474 2769999, വെബ്സൈറ്റ്: www.thebeachorchidhotel.com

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നവീകരിക്കുന്നതിൽ ധനകാര്യ കമ്മീഷനുകൾ പരാജയപ്പെട്ടു: പ്രൊഫ.എം.എ ഉമ്മൻ

മിക്ക സംസ്ഥാനങ്ങളിലെയും ധനകാര്യ കമ്മീഷനുകൾ നാലാം തലമുറയിലേക്ക് കടന്നെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ നവീകരിക്കുന്നതിൽ അവ പരാജയപ്പെട്ടെന്ന് സംസ്ഥാന ധനകാര്യ കമ്മീഷൻ ചെയർമാൻ പ്രൊഫ.എം.എ ഉമ്മൻ അഭിപ്രായപ്പെട്ടു.

ധനകാര്യ കമ്മീഷനുകളുടെ ഭരണഘടനാപരമായ ചുമതലയെക്കുറിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ സംഘടിപ്പിച്ച ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. എം.എൽ.എ ഫണ്ടും എം.പി ഫണ്ടുമൊക്കെ വികേന്ദ്രീകൃത ആസൂത്രണത്തിന് മേലുള്ള കടന്നുകയറ്റമാണെന്നും ഉമ്മൻ അഭിപ്രായപ്പെട്ടു. അധികാര വികേന്ദ്രീകരണത്തെക്കുറിച്ചുള്ള ഭരണഘടനാ ഭേദഗതിയിൽ അതെങ്ങനെ നടപ്പാക്കണമെന്നു വ്യക്തമാക്കിയിരുന്നെങ്കിൽ ഇന്നത്തെക്കാൾ വളരെയേറെ മുന്നേറാൻ കഴിയുമായിരുന്നെന്ന് മുൻ പ്ലാനിംഗ് ബോർഡ് അംഗം സി.പി.ജോൺ പറഞ്ഞു.

13-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് കേരളത്തെ പ്രതികൂലമായി ബാധിക്കുമെങ്കിൽ ഇനി ഏത് ഗവൺമെന്റ് അധികാരത്തിൽ വന്നാലും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി പരിതാപകരമായിരിക്കുമെന്ന് ആസൂത്രണ ബോർഡ് അംഗം ഡോ.കെ.എൻ ഹരിലാൽ അഭിപ്രായപ്പെട്ടു.

വാറ്റ് ജി.എസ്.ടിക്ക് വഴിമാറുന്നതോടെ സംസ്ഥാനങ്ങൾക്ക് നികുതി നിശ്ചയിക്കാനുള്ള അധികാരം കുറഞ്ഞുവരികയാണെന്ന് ഇൻകം ടാക്സ് വകുപ്പ് അഡീഷണൽ ഡയറക്റ്റർ ആർ.മോഹൻ പറഞ്ഞു. ■











